**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2116** **09-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ്സുകൾ താൽക്കാലിക ക്ലാസ് മുറികളാക്കി മാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ താൽക്കാലിക ക്ലാസ് മുറികളാക്കി മാറ്റി, പഠന സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സർക്കാർ സ്കൂൾ / കോളേജ് എന്നിവരുടെ അപേക്ഷ പ്രകാരം ക്ലാസ് റൂം, ലൈബ്രറി എന്നീ ആവശ്യങ്ങൾക്കായി 4 സ്ക്രാപ്പ് ബസ്സുകൾ Kerala University Kariavattom Campus, TVM (1 എണ്ണം), GOVT. UPS. Beemanadu, Palakkadu, (1 എണ്ണം), Govt. Teachers Training Institute Manacaud (2 എണ്ണം) എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യമായി അനുവദിച്ച് നല്കിയിട്ടുണ്ട്. പ്രസ്തുത ബസ്സുകൾ നീക്കം ചെയ്യുന്നതിനും, രൂപമാറ്റം വരുത്തുന്നതിനുമുള്ള ചെലവ് പ്രസ്തുത സ്ഥാപനങ്ങൾ വഹിക്കേണ്ടതും, "Donated by K.S.R.T.C" എന്ന് വ്യക്തമായി ഇരുവശങ്ങളിലും രേഖപ്പെടുത്തണമെന്ന് അറിയിച്ചിട്ടുമുണ്ട്. |
| (ബി) | പുതുക്കാട് മണ്ഡലത്തിലെ ഗവൺമെന്റ് എച്ച്.എസ്.എസ്. അളഗപ്പനഗർ, ഗവൺമെന്റ് എച്ച്.എസ്. മുപ്ലിയം എന്നീ വിദ്യാലയങ്ങളിൽ പുതിയ ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ പഠന സൗകര്യമൊരുക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി.ബസ്സുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ പരിഗണനയിലുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ? | (ബി) | 18.05.2022-ലെ കത്ത് പ്രകാരം അളഗപ്പനഗർ പഞ്ചായത്ത് ഹയർ സെക്കന്ററി സ്കൂൾ ക്ലാസ്സ് മുറികൾ ആക്കുന്നതിന് സ്ക്രാപ്പ് ബസ്സുകൾ അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി.-യിൽ കത്ത് ലഭ്യമായിട്ടുണ്ട്. ക്ലാസ്സ് മുറികൾ ആക്കുന്നതിന് സ്ക്രാപ്പ് ബസ്സുകൾ ആവശ്യപ്പെട്ട് ലഭ്യമായിട്ടുള്ള അപേക്ഷകളിന്മേൽ കെ.എസ്.ആർ.ടി.സി.യുടെ ഭരണസമിതിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ക്ലാസ് റൂം / മറ്റ് സ്കൂൾ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതിനായി ബസ് ഒന്നിന് 50,000/- രൂപ നിരക്കിൽ ഈടാക്കി അനുവദിക്കുന്നതിന് 413-ാമത് ഭരണസമിതി അജണ്ട നമ്പർ 78/413/2022 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ